(ബി) ട്രെയിനുകളിൽ ആവശ്യത്തിന് വനിതാ പോലീസിനെ ഉൾപ്പെടെ നിയമിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരം കുറ്റകൃത്യങ്ങൾ ആവർത്തിക്കാതിരിക്കാൻ. എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1-2-2011 തീയതിയിൽ 20.30 മണിക്ക് എറണാകുളം-ഷൊർണ്ണൂർ പാസഞ്ചറിൽ യാത്ര ചെയ്തിരുന്ന 23 വയസ്സുള്ള സൗമ്യ എന്ന പെൺകുട്ടിയെ കലാമണ്ഡലത്തിന്റെ മുൻവശംവച്ച് ട്രെയിനിൽനിന്നും തള്ളിതാഴെയിട്ട് ലൈംഗീകമായി പീഡിപ്പിച്ച് കൊലപ്പെടുത്തണമെന്ന ഉദ്ദേശ്യത്തോടെ കൃത്യം ചെയ്തകാര്യത്തിന് ചെറുതുരുത്തി പി. എസ്. ക്രൈം 41/11 യു/എസ് 307, 376 ഐ.പി.സി. ആയി ഗണേഷ് മകൻ 21 വയസ്സുള്ള സന്തോഷ് എന്നയാളുടെ പരാതി പ്രകാരം 2-2-2011-ാം തീയതി 3.30 മണിക്ക് ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരവെ 4-2-2011 തീയതി 2.00 മണിക്ക് ആറുമുഖൻ മകൻ 30 വയസ്സുള്ള ഗോവിന്ദച്ചാമി എന്ന പ്രതിയെ ചേലക്കരയിൽവച്ച് അറസ്റ്റ് ചെയ്തിട്ടുള്ളതും, സൗമ്യ തൃശ്ശൂർ മുളങ്കുന്നത്തുകാവ് ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞുവരവെ 6-2-2011 തീയതി 15.00 മണിക്ക് മരണപ്പെട്ടതിനെതുടർന്ന് പ്രസ്തുത കേസ് സെക്ഷൻ ആൾട്ടർ ചെയ്ത് ചെറുതുരുത്തി പി. എസ്. ക്രൈം 41/11 യു/എസ് 397, 376, 302 ഐ.പി.സി., സെക്ഷൻ 3(2) (v) of SC/ST POA Act പ്രകാരം കുന്ദംകുളം ഡി.വൈ.എസ്.പി. ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നുണ്ട്.

(ബി) ട്രെയിൻ യാത്രക്കാരുടെ സുരക്ഷിതത്വത്തിനായി കേരളത്തിലൂടെ ഓടുന്ന 97 ട്രെയിനുകളിൽ 2 men Civil Police Officer/Women Civil Police Officer പേരെ വീതം Mobile/Beat Patrol Duty -ക്കായി നിയോഗിച്ചുവരുന്നു. അങ്ങനെ ആകെ 194 Civil Police Officer-മാരെ ദിനം പ്രതി നിയോഗിച്ചുവരുന്നു.

(സി) ട്രെയിൻ യാത്രക്കാരായ സ്ത്രീകളുടെ സുരക്ഷയ്ക്കായി ട്രെയിനുകളിൽ കർശന പരിശോധന നടത്തുന്നതിനും റെയിൽവേ സ്റ്റേഷൻ പ്ലാറ്റ്ഫോമുകളിൽ പരിശോധന നടത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ രാത്രികാല പട്രോളിംഗ് ശക്തമാക്കിയിട്ടുണ്ട്.

ട്രെയിനുകളിൽ സുരക്ഷാ സൗകര്യം മെച്ചപ്പെടുത്താൻ നടപടി

53 (1523) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ റെയിൽവേ യാത്രക്കാർക്ക് കൂടുതൽ സുരക്ഷാ സൗകര്യം ഏർപ്പെടുത്തണമെന്ന് കേന്ദ്ര റെയിൽവേ മന്ത്രാലയത്തോട് ആവശ്യപ്പെടുമോ ; വ്യക്തമാക്കുമോ ;

(ബി) റെയിൽവേ സ്റ്റേഷനുകളും ട്രെയിനുകളും കേന്ദ്രീകരിച്ച് നടക്കുന്ന ക്രിമിനൽ പ്രവർത്തനം തടയുന്നതിന് കർശനമായ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) റെയിൽവേയുടെ അംഗീകാരത്തോടെ ഗവൺമെന്റ് റെയിൽവേ പോലീസിന്റെ അംഗസംഖ്യ വർദ്ധിപ്പിക്കുവാനും റെയിൽ സുരക്ഷാ സേനയും ഗവൺമെന്റ് റയിൽവേ പോലീസും തമ്മിലുള്ള പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും സഹകരണം വർദ്ധിപ്പിക്കുവാനും റയിൽ അലർട്ട് സേവനത്തിന് ആവശ്യമായ പ്രചാരം നൽകാനും രാത്രി 7 മണിക്ക് ശേഷമുള്ള എല്ലാ പാസഞ്ചർ തീവണ്ടികളിലും സ്ത്രീകളുടെ കംപാർട്ട്മെന്റിനടുത്തുള്ള കംപാർട്ട്മെന്റുകളിൽ പോലീസ് സാന്നിദ്ധ്യം ഉറപ്പാക്കാനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ എല്ലാ കംപാർട്ട്മെന്റുകളിലും പരാതിപ്പെട്ടി/പരാതി കാർഡ് സ്ഥാപിക്കാനും/ലഭ്യമാക്കാനും റെയിൽവേ ജീവനക്കാർക്ക് സ്ത്രീ യാത്രക്കാരുടെ സുരക്ഷ സംബന്ധിച്ച ബോധവൽക്കരണം നൽകാനും ഓരോ സ്റ്റേഷനിലും സ്റ്റേഷൻ മാസ്റ്ററോ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥനോ വനിതാ കംപാർട്ട്മെന്റ് പരിശോധിക്കാനും യാത്രാക്കാരികൾക്ക് ആവശ്യമായ നിർദ്ദേശം നൽകാനും തീവണ്ടികളിലെ കച്ചവടക്കാരെയും വില്പനക്കാരെയും നിശ്ചിത കാലയളവുകളിൽ പരിശോധിക്കുവാനും വനിതാ കംപാർട്ട്മെന്റിന് പകരം ജനറൽ കംപാർട്ട്മെന്റുകളിൽ നിശ്ചിത എണ്ണം സീറ്റ് സ്ത്രീകൾക്ക് സംവരണം ചെയ്യാനും അതുവരെ വനിതാ കംപാർട്ട്മെന്റ് ട്രെയിനിന്റെ മധ്യഭാഗത്താക്കാനുമുള്ള നിർദ്ദേശങ്ങൾ പരിശോധിച്ച് നടപടിയെടുക്കുവാൻ റെയിൽവേയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സമരം ചെയ്തവരെ അക്രമിച്ച സംഭവം

54 (1524) ശ്രീ. വർക്കല കഹാർ :

ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുനടക്കുന്ന നിയമനത്തട്ടിപ്പിനെതിരെ ജനുവരി 19-ാം തീയതി സെക്രട്ടേറിയറ്റിനുമുന്നിൽ സമരം നടത്തിയ യൂത്ത് കോൺഗ്രസ് പ്രവർത്തകർക്കെതിരെ അക്രമവും കല്ലേറും നടത്തിയ സംഭവത്തിൽ കുറ്റക്കാരായ ഡി.വൈ.എഫ്.ഐ. പ്രവർത്തകർക്കെതിരെ കേസ് ചാർജ് ചെയ്തിരുന്നുവോ ;

(ബി) ഇതിനോടനുബന്ധിച്ച് ആരെയെല്ലാം അറസ്റ്റ് ചെയ്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(സി) സമാധാനപരമായി സമരം നടത്തിയ യൂത്ത് കോൺഗ്രസ് പ്രവർത്തകർക്കിടയിലേക്ക് പ്രകോപനം കൂടാതെ അക്രമം നടത്താനും അവിടേക്ക് ജാഥ നടത്താനും അനുവദിച്ച പോലീസ് ഉദ്യോഗസ്ഥരുടെ വീഴ്ചയെക്കുറിച്ച് അന്വേഷണം നടത്തുകയുണ്ടായോ ;

(ഡി) ഇക്കാര്യത്തിൽ വീഴ്ചവരുത്തിയ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly